# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ .1784

16.06.2014-ൽ മറുപടിക്ക്

**കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.സി.കെ.സദാശിവൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര ഗ്രാമപഞ്ചായത്തിൽ അനുവദിച്ച ഫിഷ് ലാന്റിംഗ് സെന്റർ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | നബാർഡ് RIDF XV ൽ ഉൾപ്പെടുത്തി 17.02.2010 ൽ 60 ലക്ഷം രൂപയ്ക്ക് അംഗീകാരം ലഭ്യമായ കായംകുളം മണ്ഡലത്തിലെ ദേവികുളങ്ങര ഗ്രാമ പഞ്ചായത്തിലെ മുട്ടത്തുമണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം സ്ഥലലഭ്യതക്കുറവും ദർഘാസ് അംഗീകരിക്കുന്നതിനുള്ള കാലതാമസവും കാരണം യഥാസമയം നടപ്പിലാക്കാൻ കഴിഞ്ഞില്ല. തുടർന്ന് പുതിയ ഷെഡ്യൂൾ നിരക്ക് നിലവിൽ വന്നതിനാൽ ടി പ്രവൃത്തിയുടെ 76.05 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് 07.04.2012 ൽ അംഗീകാരം ലഭിക്കുകയുണ്ടായി. എന്നാൽ സ്ഥലപരിമിതിമൂലം ഒരു സമയത്ത് ഒരു സ്ട്രക്ചർ മാത്രമേ നിർമ്മിക്കാൻ സാധിക്കുകയുള്ളൂ എന്നതു കൊണ്ടും ലഭ്യമായ സ്ഥലത്തിന്റെ പ്രത്യേകതമൂലവും ചില അധികജനങ്ങൾ ചെയ്യേണ്ടി വന്നതുമൂലവുമാണ് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതിരുന്നത്. |
| (സി) | നിർമ്മാണപ്രവർത്തനങ്ങൾ ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി 31.07.2014-നുള്ളിൽ പൂർത്തിയാക്കുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ